സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താല്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

188 (528) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 2013 ഏപ്രിൽ മാസം ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത ഫണ്ട് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിന് കാലവിളംബരം നേരിട്ടുന്നത് എന്തുകൊണ്ടെന്ന് പറയാമോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്സിൽ അനുവദിച്ച പ്രസ്തുത ഫണ്ട് കൈമാറുന്നതിന് ഉണ്ടായ സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനിയർ 18-3-2014-ൽ FB4/17477/2014 നമ്പരായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്ത് മറുപടി നൽകാതെവച്ച് താമസിപ്പിച്ചത് എന്തുകൊണ്ടാണെന്നു പറയാമോ ; ഈ ഫയൽ ഓരോ സീറ്റിലും എത്ര നാൾ ഉണ്ടായിരുന്നു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് H&FWD വഴി ഭരണാനുമതി പുറപ്പെടുവിച്ച PWD ബിൽഡിംഗ്വഴി നടപ്പിലാക്കുന്നതിനുപകരം അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ചുമതല ഏൽപ്പിച്ചത്. ഡെപ്പോസിറ്റ് വർക്ക് നടപ്പിലാക്കുന്നതിനായി എഗ്രിമെന്റ് വയ്ക്കുന്നതിനും സ്ഥലം കൈമാറുന്നതിനും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള അധിക സാങ്കേതികത്വംമൂലം താരതമ്യേന പുതിയ പദ്ധതിയായതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. കൂടാതെ GO(P) 332/2012/Fin dated 11-6-2012-ലെ ജനറൽ ഗൈഡ് ലൈൻ ഖണ്ഡിക (4) പ്രകാരം സൂപ്പർവിഷൻ/അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് എന്നിവ അനുവദിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതും കത്തിന് മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ 18-3-2014-ലെ കത്ത് ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള നടപടിക്രമങ്ങളെകുറിച്ചുള്ള വ്യക്തത ആവശ്യപ്പെട്ടുന്നതാണ്. 27-3-2014-ൽ ധനകാര്യവകുപ്പിൽ ലഭിച്ച ടി കത്തുകൂടി പരിഗണിച്ചാണ് 54/2014/ധന തീയതി 3-6-2014 എന്ന സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവിന്റെ പകർപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുള്ളതാകുന്നു. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസി ചെയ്ത പ്രവൃത്തിയുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എൻജിനീയർ 16-8-2014-ലെ കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. GO(P) 304/2014/Fin dated 21-7-2014 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തിക്കുള്ള ബില്ലിനും. സീനിയോറിറ്റി പ്രകാരം Payment നൽകുന്നതിന് ഭരണവകുപ്പിന് നർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ടി ഉത്തരവിൽത്തന്നെ പ്രതിപാദിക്കുന്നുണ്ട്.

ആസ്തി വികസന പദ്ധതി സർക്കാരിന്റെ പുതിയ സ്കീമായതിനാലും അക്രഡിറ്റഡ് ഏജൻസികൾക്ക് ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലുമാണ് കാലതാമസം ഉണ്ടായത്. അക്രഡിറ്റഡ് ഏജൻസികൾക്ക് LAC-ADS പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളെക്കുറിച്ച് സർക്കാർ ഉടൻതന്നെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

സർക്കാർ കടം

189(529) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ ഒന്നുമുതൽ നാളിതുവരെ എത്ര കോടി രൂപയാണ് കടമെടുത്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് കടമെടുത്തിരിക്കുന്നത് ;

(സി) പ്രസ്തുത തുക ആസ്തി നിർമ്മാണ രംഗത്തോ വ്യാവസായിക/

LIBRARY ARCHIVES Kerala Legislative Assembly